കേരള സർക്കാർ

**മാത്യു ടി. തോമസ്**
ജലവിഭവ വകുപ്പ് മന്ത്രി

സെക്രട്ടേറിയറ്റ്,
തിരുവനന്തപുരം-695 001

തീയതി 26-11-2018

**ജലസേചനവകുപ്പിലെ പ്രിയ സഹപ്രവർത്തകർക്ക് അഭിനന്ദനങ്ങൾ, ഹൃദയം നിറഞ്ഞ നന്ദി.**

ജലവിഭവവകുപ്പിന്റെ ചുമതലയുള്ള മന്ത്രിയെന്ന നിലയിൽ ഞാൻ ചുമതലയേറ്റു പ്രവർത്തിച്ച കഴിഞ്ഞ രണ്ടരവർഷക്കാലത്തോളം എല്ലാ പ്രവർത്തനങ്ങളും സുഗമമായി മുന്നോട്ടു കൊണ്ടുപോകുന്നതിനും ജലവിഭവവകുപ്പിനെ ചലനാത്മകമായ ഒരു വകുപ്പാക്കി മാറ്റിയെടുക്കുന്നതിനുമുള്ള അക്ഷീണയത്നങ്ങളിലേർപ്പെട്ട എല്ലാ സഹപ്രവർത്തകരേയും അകമഴിഞ്ഞ് അഭിനന്ദിക്കട്ടെ. ഇക്കാലയളവിൽ നിയമസഭാ ചോദ്യങ്ങൾക്ക് വ്യക്തവും പൂർണ്ണവുമായ മറുപടി നൽകുന്നതിലേക്ക് എത്താൻ കഴിഞ്ഞു; അത് അങ്ങനെതന്നെയാണു വേണ്ടതെങ്കിലും സാധിതമാക്കിയെന്നത് നിസ്സാരമല്ല. കൂടാതെ ജലസേചനവകുപ്പിനെ ജനസൗഹാർദ്ദപരമാക്കുന്നതിനും പ്രതിസന്ധിഘട്ടങ്ങളെ അടിയന്തിരമായി നേരിടുന്നതിനും നിങ്ങളുടെ നിർലോഭമായ സഹകരണം ലഭിച്ചിട്ടുണ്ട്.

മൃതാവസ്ഥയിലെത്തിയ നിരവധി നദികളെ പുനരുജ്ജീവിപ്പിച്ചെടുക്കുന്ന പ്രവർത്തനം ജനപങ്കാളിത്തത്തോടെ സംഘടിപ്പിച്ചെടുക്കാൻ കഴിഞ്ഞത് വരണ്ട സർക്കാർ ശൈലിയിൽ നിന്നും മാറിയുള്ള നല്ലൊരനുഭവമായിരുന്നു. നൂറ്റാണ്ടിലൊരിക്കൽ മാത്രം വന്നു ഭവിക്കുന്ന മഹാപ്രളയം ഇക്കാലയളവിൽത്തന്നെ വന്നതും അതിനെ നേരിട്ടതും ഡാമുകളുടെയും തണ്ണീർമുക്കം ബണ്ടിന്റെയും മാനേജ്മെന്റ് കാര്യങ്ങളും മെച്ചപ്പെടുത്താൻ കഴിഞ്ഞതുമെല്ലാം ജലസേചനവകുപ്പിലെ നിങ്ങളുടെയെല്ലാം സഹകരണത്തോടെയായിരുന്നു.

അതിലെല്ലാം ഒരു ടീമായി പ്രവർത്തിക്കുന്നവരെന്ന ഐക്യബോധം നിങ്ങൾ പുലർത്തി. ഈ നേതൃത്വം നിങ്ങളിൽനിന്നും തുടർന്നും ഉണ്ടാകുമെന്നു പ്രതീക്ഷിക്കുന്നു.

എല്ലാവരോടുമുള്ള നന്ദി ഒരിക്കൽക്കൂടി അറിയിക്കുന്നു.

മാത്യു ടി. തോമസ്

ഫോൺ : 0471 – 2327561, 2321228 ഫാക്സ് : 0471 – 2327759 മൊബൈൽ : 9447627700